പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2814 19.06.2014- ൽ മറുപടിക്ക്

മൊടവണ്ണക്കടവ്, കുണ്ടതോട് - കൊളപ്പാട് എന്നിവിടങ്ങളിൽ തൂക്കുപാലം നിർമ്മിക്കുന്നതിന് ഭരണാനുമതി

| | ചോദ്യം<br>ശ്രീ. പി.കെ ബഷീർ | | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | ഏറനാട് മണ്ഡലത്തിലെ മൊടവണ്ണക്കടവ്, കുണ്ടതോട്-കൊളപ്പാട് എന്നീ സ്ഥലങ്ങളിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; | (എ) | ഏറനാട് മണ്ഡലത്തിലെ മൊടവണ്ണക്കടവിൽ ഒരു തൂക്കുപാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | മൊടവണ്ണക്കടവ് തൂക്കുപാലം കോൺക്രീറ്റ് നിർമ്മിത നടപ്പാലമായി മാറ്റുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ അടിയന്തരമായി ആയതിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധി ഉപയോഗിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കുവാൻ വ്യവസ്ഥയില്ല. സംസ്ഥാനത്തെ കടവുകളിൽ, വിശേഷിച്ച് വിദ്യാർത്ഥികൾ ഉപയോഗിക്കുന്നവയിൽ അടിക്കടി ഉണ്ടായ അപകടങ്ങളെ തുടർന്നാണ് ഒരു താത്കാലിക നടപടി എന്ന നിലയിൽ ദുരന്ത പ്രതികരണ നിധിയും റിവർ മാനേജ്മെന്റ് ഫണ്ടും ഉപയോഗിച്ചുകൊണ്ട് തൂക്കുപാലം നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചത്. അതിനു പകരം കോൺക്രീറ്റ് നിർമ്മിത നടപ്പാലം നിർമ്മിക്കുവാൻ നിലവിലുള്ള വ്യവസ്ഥ പ്രകാരം നിർവ്വാഹമില്ല. |
| (സി) | കുണ്ടതോട്-കൊളപ്പാട് തൂക്കുപാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ